പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3808

20.10.2016-ൽ മറുപടിക്ക്

# സാർവ്വത്രികമായ ഭവനനിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. സി. ജോർജ് | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സാർവ്വത്രികമായ ഭവനനിർമ്മാണത്തിലൂടെ ഭൂരഹിതർക്കും ഭവനരഹിതർക്കും സമയബന്ധിതമായി വീട് വെച്ചു നൽകുന്നതിന് ഒരു പദ്ധതി സർക്കാർ ആരംഭിയ്ക്കുമെന്ന് പ്രസ്താവിച്ച പ്രകാരം ഇതിനായി നാളിതുവരെ പൂർത്തിയാക്കിയ നടപടികൾ വിശദമാക്കുമോ; | (എ) യും | കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി ഉൾപ്പെടെ നാല് ബൃഹത് പദ്ധതികൾ 5 വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും |
| (ബി) ഈ പദ്ധതി എന്ന് നിലവിൽ വരുമെന്നാണ് പ്രതീക്ഷിയ്ക്കുന്നത്; | (ബി) യും | സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിനും നിലനിൽപ്പിനും |
| (സി) പാവപ്പെട്ട ജനങ്ങൾക്ക് വളരെ ഉപകാരപ്രദമാകുമെന്ന് കണക്കാക്കുന്ന ഈ പദ്ധതി ഉടനെ നടപ്പിലാക്കാൻ നടപടികൾ സ്വീകരിയ്ക്കുമോ? | (സി) യും | ഭാഗഭാക്കാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതത്വവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ